പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2072 **26-10-2026-ൽ മറുപടിയ്ക്ക്**

സ്മാർട്ട് പി.ഡി.എസ്: നടപ്പാക്കലും ഭവിഷ്യത്തുകളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) കേന്ദ്ര പദ്ധതിയായ സ്മാർട്ട് പി.ഡി.എസ്. സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ഏതാനും റേഷൻ കാർഡുകൾ മരവിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

മറുപടി: 2015-ലെ ടാർഗറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ 2025-ലെ ഭേദഗതി പ്രകാരം, തുടർച്ചയായി ആറുമാസമായി റേഷൻ വിഹിതം കൈപ്പറ്റാത്തതും ഒന്നിലധികം റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടത്തേണ്ടതുണ്ട്.

ഇതിന്റെ ഭാഗമായി, റേഷൻ കാർഡുകൾ മരവിപ്പിക്കാതെ തന്നെ 5,579 അന്ത്യോദയ അന്നയോജന (AAY) കാർഡുകളിലെയും 38,708 മുൻഗണനാ കുടുംബ (PHH) കാർഡുകളിലെയും ഗുണഭോക്താക്കളുടെ അർഹതാ പരിശോധന പുരോഗമിച്ചുവരുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് നിശ്ചിത സമയപരിധിയായ മൂന്നുമാസത്തിനുള്ളിൽ ഇ-കെ.വൈ.സി. (e-KYC) പൂർത്തിയാക്കി മുൻഗണനാ വിഭാഗത്തിൽ തുടരാവുന്നതാണ്. (e-KYC) പൂർത്തിയാക്കാത്ത സാഹചര്യത്തിൽ മാത്രമാണ് റേഷൻകാർഡ് റദ്ദാക്കൽ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിയ്ക്കുന്നത്.

(ബി) എങ്കിൽ എത്ര കാർഡുകളാണ് ഈ വിധം മരവിപ്പിക്കുക; കാർഡുകൾ പുനസ്ഥാപിക്കാൻ നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

മറുപടി: നിലവിൽ ഒരു കാർഡും നിർജ്ജീവമാക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ല. 2026 ഏപ്രിൽ മുതൽ 2026 സെപ്റ്റംബർ വരെയുള്ള തുടർച്ചയായ ആറുമാസക്കാലയളവിൽ ഒരിക്കൽപ്പോലും റേഷൻ വിഹിതം കൈപ്പറ്റിയിട്ടില്ലാത്ത NFSA റേഷൻ കാർഡുകളുടെയും അവയിലെ ഗുണഭോക്താക്കളുടെയും എണ്ണം ചുവടെ ചേർക്കുന്നു.

അന്ത്യോദയ അന്നയോജന (AAY) റേഷൻ കാർഡുകളുടെ എണ്ണം: 5,579

പ്രസ്തുത AAY കാർഡുകളിലെ ഗുണഭോക്താക്കളുടെ എണ്ണം: 6,593

മുൻഗണനാ കുടുംബ (PHH) റേഷൻ കാർഡുകളുടെ എണ്ണം: 38,708

പ്രസ്തുത PHH കാർഡുകളിലെ ഗുണഭോക്താക്കളുടെ എണ്ണം: 58,541

കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം, പ്രസ്തുത റേഷൻ കാർഡുകൾ താൽക്കാലികമായി മരവിപ്പിക്കപ്പെടുന്നതും (ഡീആക്ടിവേറ്റ് ചെയ്യപ്പെടുന്ന കാർഡുകൾക്ക് പ്രതിമാസ റേഷൻ വിഹിതം കൈപ്പറ്റാൻ സാധിക്കുന്നതല്ല), തുടർന്ന് മൂന്നുമാസത്തിനുള്ളിൽ ടി റേഷൻ കാർഡുകളിലെ എല്ലാ ഗുണഭോക്താക്കളും ഇ-കെ.വൈ.സി. (e-KYC) പൂർത്തിയാക്കുന്ന മുറയ്ക്ക് കാർഡുകൾ പുനഃസജീവമാക്കുകയുള്ളൂ. നിലവിൽ ഇത്തരം കേസുകളിൽ ഫീൽഡ് തല പരിശോധന നടത്തി ഗുണഭോക്താക്കളുടെ അർഹതയും നിലവിലെ സ്ഥിതിയും സ്ഥിരീകരിച്ചശേഷം മാത്രമാണ് തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ.

(സി) മുൻഗണനാ കാർഡുകളായ മഞ്ഞയും പിങ്കും കാർഡുകൾ റദ്ദാക്കപ്പെടുന്ന സാഹചര്യമുണ്ടാകുക വഴി കേന്ദ്ര വിഹിതത്തിലും ആനുപാതികമായ കുറവുണ്ടാക്കുമെന്ന ആശങ്ക സർക്കാരിനുണ്ടോ; എങ്കിൽ അത് മറികടക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കുമോ?

<u>മറുപടി:</u> ഇല്ല. അനർഹരെ ഒഴിവാക്കുന്നതിലൂടെ ലഭ്യമാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തുന്നതിനാൽ സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവുണ്ടാകില്ല. ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിലുള്ള തെറ്റിദ്ധാരണകളും ആശങ്കകളും പരിഹരിക്കുന്നതിനായി, പ്രസ്തുത നടപടിയെക്കുറിച്ചുള്ള വ്യക്തമായ മാർഗനിർദ്ദേശങ്ങളും വിവരങ്ങളും മാധ്യമങ്ങളിലൂടെയും ഔദ്യോഗിക അറിയിപ്പുകളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ